



# ദൽഹി പ്രഭാഷണം

ഇടശ്ശേരി

ഇന്ന് എന്റെ മനസ്സ് കൂടുതൽ വിനീതമാണെങ്കിലും ആഹ്ലാദപൂർണ്ണമാണ്. ഭാരതത്തിലെ ഈ പുരാതനനഗരിയിൽ കവികളുടെയും പണ്ഡിതന്മാരുടെയും സമക്ഷം ഞാൻ സമ്മാനിതനാകുന്നു എന്ന ബോധം എന്നെ വികാരഭരിതനാക്കുന്നു. ഈ രാജധാനിയുടെ ചരിത്രത്തെ പല നൂറ്റാണ്ടുകളിൽ ജാജ്ജ്വല്യമാനമാക്കിയ പൂർവ്വസൂരികളെ ഞാൻ ഭക്തിപൂർവ്വം സ്മരിക്കുകയും ചെയ്യുന്നു.

നാടൻ ജീവിതമായി മാത്രമേ ഞാൻ ഇടപഴകീട്ടുള്ളു. ശാലീനസ്വഭാവരായ ഗ്രാമജനതയുടെ സുഖദുഃഖങ്ങളിൽ പങ്കുകൊണ്ട് അവരിൽ ഒരാളായിട്ടാണ് ഞാൻ ജീവിയ്ക്കുന്നത്. അവയെക്കുറിച്ചു മാത്രമേ കവിത രചിച്ചിട്ടുമുള്ളൂ. നാഗരികരായ പൗരന്മാരുടെ ജീവിതം എനിക്ക് അപരിചിതമാണ്. അതിലും ഉപരിമണ്ഡലത്തെക്കുറിച്ച് സ്വർഗ്ഗത്തെക്കുറിച്ചെന്ന പോലെ ചില ഊഹാപോഹങ്ങളും അന്ധാളിപ്പുകളും മാത്രമേ എനിക്കുള്ളു. അങ്ങനെയൊരാളുടെ കൃതികളും സമ്മാനിക്കപ്പെടുന്നു എന്നത് ഇന്നാട്ടിലെ സഹൃദയപ്രാമുഖ്യത്തെയും ആ മണ്ഡലത്തിലെങ്കിലും എത്തിക്കഴിഞ്ഞിട്ടുള്ള സമത്വബോധാധിഷ്ഠിതസംസ്കാരത്തിന്റെയും ലക്ഷണമാണെന്ന് ഞാൻ വിശ്വസിക്കുന്നു.

സാഹിത്യത്തെസംബന്ധിച്ചിടത്തോളം എന്റെ വീക്ഷണഗതി ഋജുവും സരളവുമാണ്. യുഗാന്തരങ്ങളിലൂടെ കടന്നുവന്ന ഋഷിപ്രോക്തങ്ങളുണ്ടല്ലോ, സത്യം വദ, ധർമ്മം ചര എന്ന, അർത്ഥഭ്രാന്തിക്ക് ഇടയില്ലാത്ത ആഹ്വാനം, അതേറ്റുപാടുക എന്നതാണ് കവിധർമ്മം എന്നാണ് എന്റെ അഭിപ്രായം. പക്ഷേ, മാറിമാറിവരുന്ന സാഹചര്യങ്ങളിൽ ഈ കൊച്ചുവാക്യത്തിന്റെ ആത്മാവ് നഷ്ടപ്പെടാത്തവിധം അതിനെ വ്യാഖ്യാനിക്കാൻ ഞാൻ ആഗ്രഹിച്ചുവന്നിട്ടുണ്ട്. പുരാണകലകളെത്തന്നെ പുനരാഖ്യാനംചെയ്തും അനുകാല ജീവിതസംഭവങ്ങളെന്ന സങ്കൽപ്പത്തിന്മേൽ പടുത്തുയർത്തിയ ഇതിവൃത്തങ്ങളെ ആശ്രയിച്ചും ഞാൻ ഈ വ്യാഖ്യാനകർമ്മം നിർവ്വഹിക്കാൻ ആഗ്രഹിച്ചു; അതെത്രമാത്രം ഫലപ്രദമായെന്ന് എനിക്കു പറയാൻ പറ്റില്ല. അതു തീരുമാനിക്കേണ്ടത് അനുവാചകരായ സഹൃദയരാണ്.

എന്റെ വീക്ഷണഗതി പ്രായേണ പ്രസാദാത്മകമാണ്. ആ കാര്യത്തിൽ അധികം വാക്കുകൾ ചെലവാക്കാതെ എനിക്ക് എന്നെ പരിചയപ്പെടുത്താൻ കഴിയും. 'പൗരസ്ത്യദീപ' (Light of Asia)മെന്ന വിശിഷ്ട കാവ്യത്തിലെ സുജാത എന്ന കഥാപാത്രത്തിന് സമാനരുചിക്കാരനായ ഒരു സഹോദരനെ ആവശ്യമുണ്ടെങ്കിൽ-നിർഭാഗ്യവശാൽ അവൾക്ക് ജീവിതസാഫല്യത്തിന് സ്വന്തം ഭർത്താവിനെയും ഓമനക്കുഞ്ഞിനേയുമേ വേണ്ടൂ-ആ പെൺകിടാവ് എന്നെയായിരിക്കും കൊച്ചനിയാ എന്നു വിളിക്കുക. ഞാനാകട്ടേ, വികൽപ്പംവിനാ വിളികേൾക്കുകയും ചെയ്യും.

ആമരണം ജീവിതമെന്നല്ലല്ലോ പ്രാചീന ഭാരതീയവിശ്വാസം; അത് ജന്മാന്തരങ്ങളിൽ വിശ്വസിക്കുന്നു. അങ്ങനെ ആ ദീർഘയാത്രാവസാനത്തിൽ ഓരോ ജീവാത്മാവും ആത്യന്തികമായ ആനന്ദാനുഭൂതിയിൽ വിലയിക്കുന്നു. ഈ വിശ്വാസം മുളച്ച മണ്ണിൽ ശോകാന്തകാവ്യങ്ങൾക്ക് വേരുപിടിക്കലില്ല. ഇവിടെ ശോകരസം നിർവ്വേദംകൊണ്ട് ശുദ്ധി ചെയ്യപ്പെട്ട് ശാന്തരസമായേ വിശ്രമിക്കൂ. ഈ അഭിരുചി ഇതിഹാസങ്ങൾ നമ്മളിൽ വളർത്തിക്കഴിഞ്ഞതാണ്. തത്തുല്യമായ മറ്റൊരു മഹാപ്രതിഭയ്ക്കല്ലാതെ ഇനിയത് പറിച്ചുനടാൻ വയ്യ.

ധവളനിർമ്മലമായ ഹിമാദ്രിശൃംഗങ്ങളും നിതാന്തഫേനിലമായ സമുദ്രകല്ലോലങ്ങളും ഋതുഭേദം വിനാ വർഷിക്കപ്പെടുന്ന വെളിച്ചങ്ങളും ആണ് എന്റെ മാതൃഭൂമിയെക്കുറിച്ചുള്ള സങ്കൽപ്പത്തിന്റെ വർണസംവിധാനംചെയ്യുന്നത്. ഈ മണ്ണിൽ പൊടിച്ചുണ്ടായ എനിക്ക്, വിഷാദസങ്കലങ്ങളായ ദുർദ്ദിനങ്ങൾ, പര്യവസാനരംഗത്തിന്റെ ദീപ്തിപ്രവാഹത്തിന്നു മാറ്റുകൂട്ടുവാൻ ഉപകരിക്കുന്ന ഇടരംഗങ്ങൾ മാത്രമാണ്.

ഈ മഹാ പണ്ഡിതസദസ്സിൽ ഇതിലധികം നേരം നിൽക്കാൻ എന്റെ ശക്തി സമ്മതിക്കുന്നില്ല. അന്യഥാ നിറം കെട്ടുപോയിരുന്ന എന്റെ ജീവിതസായാഹ്നത്തെ വർണ്ണോജ്ജ്വലമാക്കാൻ സഹായിച്ചിട്ടുണ്ട് ഈ സമ്മാനദാനമെന്ന് തുറന്നു പറയട്ടെ. ഈ അനുഗ്രഹത്തിന്ന് ഞാൻ കേന്ദ്രസാഹിത്യ അക്കാദമിയേയും മറ്റു സഹൃദയരേയും എന്റെ ഹൃദയം നിറഞ്ഞ കൃതജ്ഞതയെ സാദരം അറിയിച്ചുകൊള്ളുന്നു. നമസ്കാരം.

*1970 ഏപ്രിൽ 4-ന് ന്യൂഡൽഹിയിലെ കേന്ദ്രസാഹിത്യ അക്കാദമിയുടെ അവാർഡുദാന സമ്മേളനത്തിൽവെച്ച് 'കാവിലെ പാട്ടി'നുള്ള അവാർഡ് സ്വീകരിച്ചുകൊണ്ടു ചെയ്ത പ്രഭാഷണം. കവി തന്നെ തയ്യാറാക്കിയ കൈയെഴുത്തു കോപ്പിയിൽനിന്നാണ് ഇതിവിടെ എടുത്തുചേർക്കുന്നത്.*